തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പുതിയ ഒരു ബി.പി.എൽ. സെൻസസ് നടത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചെലവുകൾക്കായി സംസ്ഥാനത്തിന് 426.91 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. ബി.പി.എൽ. സെൻസസ് നടത്തുന്നതിനുള്ള രീതി സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടില്ല. ബി.പി.എൽ. സെൻസസ് നടത്തുന്നതിനുള്ള രീതി തീരുമാനിക്കുന്നതിനായുള്ള പഠന സർവ്വേ (Pilot-pretest) വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടത്തിവരുന്നു.

(ബി) പുതിയ ബി.പി.എൽ. സെൻസസ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എല്ലാ സംസ്ഥാനങ്ങളിലും ബി.പി.എൽ. സെൻസസ് നടത്തേണ്ടി വരും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പോലീസ് സേനയുടെ നവീകരണത്തിനുള്ള ചെലവ്

1 (1740) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി ലക്ഷ്യമിട്ടിരുന്ന പ്രധാന പരിപാടികൾ വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച ആകെ തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ലഭ്യമായ കേന്ദ്ര സഹായത്തിന്റെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പോലീസ് മോഡേണൈസേഷൻ സ്കീമിന്റെ ഭാഗമായി, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ മുതലായവയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും, ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡി.എൻ.എ. പരിശോധന ലാബ്, സൈബർ ഫോറൻസിക് വിഭാഗം എന്നിവ സ്ഥാപിക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ മറ്റ് ഫീൽഡ് യൂണിറ്റുകൾ, ക്വിക്ക്റെസ്പോൺസ് ടീം, ബോംബ് ഡിറ്റക്ഷൻ & ഡിസ്പോസൽ സ്ക്വാഡ് എന്നിവയ്ക്ക് ആവശ്യമായ ഓപ്പറേഷണൽ വെഹിക്കിളുകൾ വാങ്ങുന്നതിനും സ്റ്റേഷനുകളിലേക്കും ബറ്റാലിയനുകളിലേക്കും ആവശ്യമായ ഉപകരണങ്ങൾ (ഹെൽമെറ്റ്, ഷീൽഡ്, ലാത്തി, ബോഡി പ്രൊട്ടക്ടർ, ഡിജിറ്റൽ ക്യാമറ, ഫാക്സ് മെഷീനുകൾ ഫോട്ടോകോപ്പിയറുകൾ തുടങ്ങിയവ) വാങ്ങുന്നതിനും പോലീസുകാർക്ക് ആവശ്യമായ ക്വാർട്ടേഴ്സുകൾ, ബാരക്കുകൾ, പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ, ട്രാഫിക് സംബന്ധമായ ഡ്യൂട്ടിക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനും കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡയൽ 100 സിസ്റ്റം, ടെട്രാ സംവിധാനം, കോബ് അപ്ഗ്രഡേഷൻ ആവശ്യമായ വയർലെസ് സെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ടായിരുന്നു. ഇവയിൽ മിക്ക പ്രവർത്തനങ്ങളും 2000 മുതൽ 2010 വരെ വർഷങ്ങളിൽ ലഭ്യമായ തുക ഉപയോഗപ്പെടുത്തി നടപ്പിൽ വരുത്തി കഴിഞ്ഞു. ഇനിയും നടപ്പിൽ വരുത്താനുള്ള പ്രധാന പദ്ധതികൾ വരും വർഷങ്ങളിൽ കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അംഗീകരിക്കപ്പെട്ട ആക്ഷൻ പ്ലാൻ അനുസരിച്ച് നടപ്പിൽ വരുത്തുതാണ്.

(ബി) സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനായി തുക വിനിയോഗിച്ചിട്ടില്ല

(സി) വിശദാംശം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 2006-07 | 2300.00 | 2300.00 |
| 2007-08 | 3836.00 | 3836.00 |
| 2008-09 | 2290.00 | 2290.00 |
| 2009-10 | 3254.00 | 3254.00 |
| ആകെ | 11680.00 | 11680.00 |

LIBRARY ARCHIVES Kerala Legislative Assembly